പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1682 — 03/05/2017-ൽ മറുപടിക്ക്

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ. ബാബു<br>ശ്രീ.പി. ഉണ്ണി** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്തെ 5400 ൽ അധികമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം എത്ര മാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. ഒരു സ്ഥാപനത്തിന്റെ കീഴിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനയോഗം മാസത്തിലെ ആദ്യത്തെ പ്രവൃത്തിദിവസം ചേരുകയും ഉപകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |
| ബി) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും ജീവിതശൈലി രോഗ-ങ്ങൾ നിയന്ത്രിക്കുന്നതിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും പ്രവർത്തനം ഫലപ്രദമാ-യിട്ടുണ്ടോ; വിശദമാ-ക്കുമോ; | ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവർക്ക് വ്യക്തമായ മാനദണ്ഡങ്ങളോടെ ഏരിയ വിഭജിച്ച് നൽകിയിട്ടുള്ളതും ദേശീയ ആരോഗ്യ പ്രോഗ്രാമുകളുടെയും മാതൃശിശുപ്രോഗ്രാമുകളുടെയും പരിസരശുചിത്വ ആരോഗ്യ, കുടുംബക്ഷേമം, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പുകൾ, സ്കൂൾ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളിൽ ഇടപെടൽ തുടങ്ങി ഒട്ടനേകം ഡ്യൂട്ടികൾ നൽകിയിട്ടുള്ളതുമാണ്. ദേശീയതലത്തിലുള്ള ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, സാംക്രമികരോഗതോത് എന്നിവ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവായിക്കാണുന്നത് ടി വിഭാഗം ജീവനക്കാർ ഫലപ്രദമായി ജോലി ചെയ്തുവരുന്നതായാണ് കാണിക്കുന്നത്. |
| സി) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്ര-ങ്ങളിലെല്ലാം ലബോറട്ടറി സംവിധാനം ഒരുക്കി പ്രാഥമിക തലത്തിൽ രോഗനിർണ്ണയം സാധ്യ-മാക്കാനും അതുവഴി സ്വകാര്യ ആശുപത്രി-കളെയും ലബോറട്ടറിക-ളെയും ആശ്രയിക്കുന്നതു കുറയ്ക്കാനും നടപടി-യെടുക്കുമോ; | സി) | സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന സർക്കാർ തുടക്കമിട്ട പദ്ധതികളിലൊന്നാണ് 'ആർദ്രം' പദ്ധതി. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഘട്ടംഘട്ടമായി മാറ്റുന്നതോടൊപ്പം ഇവിടങ്ങളിൽ ലാബോറട്ടറി സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. അതിനായി ആകെ 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലാബോറട്ടറി സൗകര്യങ്ങൾ പ്രാഥമിക തലത്തിൽ ഏർപ്പെടുത്തുക വഴി രോഗനിർണ്ണയം സാധ്യമാക്കുകയും ചെയ്യുന്നതിലൂടെ പൊതുജനങ്ങൾ സ്വകാര്യ ആശുപത്രികളെയും ലാബുകളെയും ആശ്രയിക്കുന്നത് ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രോപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ തസ്തിക സൃഷ്ടിക്കുമെന്ന് സർക്കാർ 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്. |

| | | |
|---|---|---|
| ഡി) | സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണം ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ? | സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമം മൂഖേന നിയന്ത്രിക്കുന്നതിനുദ്ദേശിച്ച് രൂപം നൽകിയിരിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ